**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3733** **12-03-2025 - ൽ മറുപടിയ്ക്ക്**

**വർക്കല മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | വർക്കല മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിക്കും വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്നും വിശദമാക്കാമോ; | (എ) | കായിക വകുപ്പ് വർക്കല മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. പള്ളിക്കൽ ഗവ.ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട് നവീകരണം<br>പ്രസ്തുത പ്രവൃത്തിക്കായി 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം 23.05.2024 തീയതിയിൽ സാങ്കേതികാനുമതി നൽകുകയും തുടർന്ന് ടെണ്ടർ ക്ഷണിക്കുകയും യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ലാൽഡിംഗ, ശ്രീധരീയം, കിളിമാനൂർ, തിരുവനന്തപുരം എന്ന കരാറുകാരനുമായി 12.09.2024 ന് 7,69,610/- രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) കരാറിൽ ഏർപ്പെടുകയും പ്രസ്തുത പ്രവൃത്തി നിലവിൽ പുരോഗമിച്ചുവരുകയാണ്. 50% പ്രവൃത്തി ഇതിനകം പൂർത്തിയായിട്ടുണ്ട്.<br>2. ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി ഇലകമൺ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം വികസന പ്രവൃത്തി എം.എൽ.എ ആസ്തി വികസന ഫണ്ടും പ്ലാൻ ഫണ്ടുമുപയോഗിച്ച് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി ഇലകമൺ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം വികസന പ്രവൃത്തിയ്ക്ക് 1 കോടി രൂപയുടെ സമഗ്രഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം 07.03.2024 തീയതിയിൽ സാങ്കേതികാനുമതി നൽകുകയും തുടർന്ന് ടെണ്ടർ ക്ഷണിക്കുകയും യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ഷിബു. ആർ, പൊട്ടവിള, വടക്കരിക്കു പുത്തൻവീട്, കോട്ടുകാൽ, നെല്ലിമൂട് എന്ന കരാറുകാരനുമായി 19.09.2024 ന് 83,06,890/- രൂപയ്ക്ക് കരാറിൽ ഏർപ്പെട്ടുവെങ്കിലും കരാറുകാരൻ പ്രവൃത്തി |

| | | | |
|---|---|---|---|
| | | | ആരംഭിക്കാത്തതിനാൽ കരാറുകാരനെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>3. കിഫ്ബി പദ്ധതി - ഇടവ സ്റ്റേഡിയം - ബാലൻസ് പ്രവൃത്തി<br><br>മുൻ എസ്.പി.വി M/s.കിറ്റ്കോ പ്രവൃത്തിയുടെ 42% പൂർത്തിയാക്കിയിട്ടുണ്ട്. ശേഷം 22.02.2024 ലെ സർക്കാർ ഉത്തരവ് നം. 56/2024/കാ.യു.വ പ്രകാരം ബാക്കി പ്രവൃത്തിയുടെ എസ്.പി.വി യായി സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തി ഉത്തരവായതിനെ തുടർന്ന് ടെണ്ടർ ഡോക്യുമെന്റ് ഉൾപ്പെടെ സ്പോർട്സ് കേരള ഫൗണ്ടേഷൻ ഏറ്റെടുക്കുകയും തുടർന്ന് പ്രസ്തുത പ്രവൃത്തിയ്ക്ക് ലഭ്യമായിരുന്ന ദർഘാസിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത M/s.ജെ.ജെ.അസോസിയേറ്റ്സ്, വനചിറയ്ക്കൽ വീട്, തെങ്ങോട് പി.ഒ, കൊച്ചി എന്ന കരാറുകാരനുമായി 08.01.2025 ന് 26,51,39,934/- രൂപയ്ക്ക് കരാറിൽ ഏർപ്പെട്ട് പ്രസ്തുത പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം വിശദമാക്കാമോ? | (ബി) | കായിക വകുപ്പ് വർക്കല മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. പള്ളിക്കൽ ഗവ.ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട് നവീകരണം<br><br>പ്രസ്തുത പ്രവൃത്തിക്കായി 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം 23.05.2024 തീയതിയിൽ സാങ്കേതികാനുമതി നൽകുകയും തുടർന്ന് ടെണ്ടർ ക്ഷണിക്കുകയും യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ലാൽഡിംഗ, ശ്രീധരീയം, കിളിമാനൂർ, തിരുവനന്തപുരം എന്ന കരാറുകാരനുമായി 12.09.2024 ന് 7,69,610/- രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) കരാറിൽ ഏർപ്പെടുകയും പ്രസ്തുത പ്രവൃത്തി നിലവിൽ പുരോഗമിച്ചുവരുകയാണ്. 50% പ്രവൃത്തി ഇതിനകം പൂർത്തിയായിട്ടുണ്ട്.<br><br>2. ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി ഇലകമൺ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം വികസന പ്രവൃത്തി എം.എൽ.എ ആസ്തി വികസന ഫണ്ടും പ്ലാൻ ഫണ്ടുമുപയോഗിച്ച് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി ഇലകമൺ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം വികസന പ്രവൃത്തിയ്ക്ക് 1 കോടി രൂപയുടെ സമഗ്രഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം 07.03.2024 തീയതിയിൽ സാങ്കേതികാനുമതി നൽകുകയും തുടർന്ന് ടെണ്ടർ |

| | | | |
|---|---|---|---|
| | | | ക്ഷണിക്കുകയും യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ഷിബു. ആർ, പൊട്ടവിള, വടക്കരിക്കു പുത്തൻവീട്, കോട്ടുകാൽ, നെല്ലിമൂട് എന്ന കരാറുകാരനുമായി 19.09.2024 ന് 83,06,890/- രൂപയ്ക്ക് കരാറിൽ ഏർപ്പെട്ടുവെങ്കിലും കരാറുകാരൻ പ്രവൃത്തി ആരംഭിക്കാത്തതിനാൽ കരാറുകാരനെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>3. കിഫ്ബി പദ്ധതി - ഇടവ സ്റ്റേഡിയം - ബാലൻസ് പ്രവൃത്തി<br><br>മുൻ എസ്.പി.വി M/s.കിറ്റ്കോ പ്രവൃത്തിയുടെ 42% പൂർത്തിയാക്കിയിട്ടുണ്ട്. ശേഷം 22.02.2024 ലെ സർക്കാർ ഉത്തരവ് നം. 56/2024/കാ.യു.വ പ്രകാരം ബാക്കി പ്രവൃത്തിയുടെ എസ്.പി.വി യായി സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തി ഉത്തരവായതിനെ തുടർന്ന് ടെണ്ടർ ഡോക്യുമെന്റ് ഉൾപ്പെടെ സ്പോർട്സ് കേരള ഫൗണ്ടേഷൻ ഏറ്റെടുക്കുകയും തുടർന്ന് പ്രസ്തുത പ്രവൃത്തിയ്ക്ക് ലഭ്യമായിരുന്ന ദർഘാസിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത M/s.ജെ.ജെ.അസോസിയേറ്റ്സ്, വനചിറയ്ക്കൽ വീട്, തെങ്ങോട് പി.ഒ, കൊച്ചി എന്ന കരാറുകാരനുമായി 08.01.2025 ന് 26,51,39,934/- രൂപയ്ക്ക് കരാറിൽ ഏർപ്പെട്ട് പ്രസ്തുത പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ